www.cdit.org
**സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)**
ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം. പി.ഒ., തിരുവനന്തപുരം-695027
ഫോൺ: 2380910, 2380912

# ക്യാന്റീൻ നടത്തിപ്പിന് സി-ഡിറ്റ് നൽകുന്ന സൗകര്യങ്ങൾ

ക്യാന്റീൻ കെട്ടിടം, പാത്രങ്ങൾ (ഗ്ലാസ്, പ്ലേററുകൾ, സ്പൂണുകൾ ഉൾപ്പെടെ), ഫർണിച്ചറുകൾ, ഫ്രിഡ്ജ്, ഗ്യാസ് അടുപ്പുകൾ, ഗ്യാസ് സിലിണ്ടറുകൾ, വെള്ളം, വൈദ്യുതി ലഭ്യത 100 (യൂണിറ്റ് വരെ) മുതലായവ.

www.cdit.org

**സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)**

ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം. പി.ഒ., തിരുവനന്തപുരം-695027

ഫോൺ: 2380910, 2380912

നമ്പർ: 1169/എ4/അഡ്മി/2008/സി-ഡിററ്

## ടെണ്ടർ ഫോം

| | | |
|---|---|---|
| 1. ടെണ്ടർ ക്ഷണിക്കുന്നത് | : | സി-ഡിറ്റ് (ക്യാന്റീൻ ഏറ്റെടുത്ത് നടത്തുന്നതിന്) |
| 2. ഇ.എം.ഡി. | : | ₹. രൂപ (ഡി.ഡി) |
| 3. ടെണ്ടർ ഫോമിന്റെ വില | : | |
| 4. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | : | |
| 5. ടെണ്ടർ പൊട്ടിക്കുന്ന സമയം | : | |
| 6. ടെണ്ടറിന്റെ കാലാവധി | : | ഒരു വർഷം |
| 7. ടെണ്ടർ സമർപ്പിക്കേണ്ട വിലാസം | : | രജിസ്ട്രാർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം-695 027 |

**രജിസ്ട്രാർ**

| | | |
|---|---|---|
| 1. പേര് | : | ................................................................................ |
| 2. മേൽവിലാസം | : | ................................................................................ |
| | | ................................................................................ |
| | | ................................................................................ |
| | | ................................................................................ |
| 3. ടെണ്ടറർ വ്യക്തിയാണോ / ഏജൻസിയാണോ | : | |
| 4. ക്യാന്റീൻ / ഹോട്ടൽ നടത്തിപ്പിലുള്ള പരിചയം | : | |
| 5. ഈ രംഗത്ത് നേരത്തേ നടത്തിയതോ, ഇപ്പോൾ നടത്തിവരുന്നതോ സംബന്ധിച്ചുള്ള വിവരങ്ങൾ (ആവശ്യമെങ്കിൽ പ്രത്യേകം ഷീറ്റിൽ വിവരങ്ങൾ നൽകാവുന്നതാണ്) | : | |

## നിബന്ധനകൾ

1. സാധാരണ ഭക്ഷണ സമയങ്ങളിലും ലഘുഭക്ഷണങ്ങൾ നൽകാൻ കഴിയേണ്ടതാണ്.
2. ക്യാന്റീൻ പ്രവർത്തന സമയം പ്രവൃത്തിദിവസം രാവിലെ 7.00 മണി മുതൽ രാത്രി 7.00 മണി വരെയാണ്.
3. ക്യാന്റീൻ നടത്തുന്നതിന് ആവശ്യമായ (ഗ്യാസ് സിലിണ്ടറുകൾ ലഭ്യമാണ്) ഗ്യാസ് ടെണ്ടറർ സ്വന്തം ചെലവിൽ വഹിക്കേണ്ടതാണ്.

4. ക്യാന്റീൻ പ്രവർത്തനത്തിനാവശ്യമായ ജലവും പ്രതിമാസം 100 യൂണിറ്റ് വരെ വൈദ്യുതിയും സി-ഡിറ്റ് നൽകും. അധികം വരുന്ന വൈദ്യുതി ചെലവ് കോൺട്രാക്ടർ വഹിക്കേണ്ടതാണ്. ക്യാന്റീനിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചെലവ് കണക്കാക്കുന്നതിന് ക്യാന്റീൻ കെട്ടിടത്തിൽ സി-ഡിറ്റ് പ്രത്യേകം മീററർ സ്ഥാപിച്ചിട്ടുള്ളതും, അതാതു സമയത്തെ വൈദ്യുതി തുക അറിയിക്കുന്ന മുറയ്ക്ക് ഓരോ മാസവും കരാറുകാർ ഓഫീസിൽ അടയ്ക്കേണ്ടതുമാണ്.

5. ക്യാന്റീൻ പരിസരവും, കൗണ്ടറുകൾ വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്. കേരള സർക്കാരിന്റെ പ്ലാസ്റ്റിക് ഉപയോഗം സംബന്ധിച്ചുള്ള നിബന്ധനകൾ കരാറുകാർ കൃത്യമായും പാലിക്കേണ്ടതാണ്.

6. ലഹരി പദാർത്ഥങ്ങൾ, നിരോധിച്ചിട്ടുള്ള ആഹാരസാധനങ്ങൾ എന്നിവ യാതൊരു കാരണവശാലും ക്യാന്റീനിൽ സൂക്ഷിക്കുവാനോ, വിതരണം നടത്തുവാനോ പാടുള്ളതല്ല.

7. ക്യാന്റീൻ ജീവനക്കാർ എല്ലാവരും ഡ്യൂട്ടിസമയത്ത് യൂണിഫോം ധരിക്കേണ്ടതാണ്. ഹെൽത്ത് കാർഡ് ഉള്ളവരായിരിക്കണം.

8. ഓഫീസിലും, ക്യാന്റീനിലും അച്ചടക്കവും കൃത്യനിഷ്ഠയും ഉറപ്പുവരുത്തുന്നതിനും, മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനും സി-ഡിറ്റിന്റെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിട്ടായിരിക്കണം ക്യാന്റീൻ പ്രവർത്തിപ്പിക്കേണ്ടത്.

9. ക്യാന്റീനിലെ ദൈനംദിന പ്രവർത്തനങ്ങൾ സംബന്ധിച്ച് മാനേജ്മെന്റും ക്യാന്റീൻ, കമ്മിറ്റിയും നൽകുന്ന നിർദ്ദേശങ്ങൾ / പരാതികൾ കരാറുകാരൻ സ്വീകരിക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു.

10. ഏതെങ്കിലും കാരണത്താൽ കരാർ കാലാവധിക്ക് മുമ്പ് ക്യാന്റീനിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കേണ്ടതായി കാണുന്നപക്ഷം സി-ഡിറ്റിന്റെ ഭാഗത്തുനിന്നോ, കരാറുകാരന്റെ ഭാഗത്തുനിന്നോ ഒരുമാസം മുൻപ് നോട്ടീസ് നൽകി ഇക്കാര്യം അറിയിച്ചിരിക്കേണ്ടതാണ്.

11. ക്യാന്റീനിൽ നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ തൊഴിൽപരമായ ഉത്തരവാദിത്വ വക ബാദ്ധ്യതകളും പൂർണ്ണമായും കരാറുകാരിൽ നിക്ഷിപ്തമായിരിക്കും. ഇക്കാര്യത്തിൽ സി-ഡിറ്റിന് യാതൊരുവിധ ബാദ്ധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

12. ക്യാന്റീൻ നടത്തിപ്പിനാവശ്യമായ ലൈസൻസ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും കരാറുകാർ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

13. ക്യാന്റീനിൽ വിതരണം ചെയ്യുന്ന ആഹാര പദാർത്ഥങ്ങൾക്ക് ഗുണനിലവാരം ഇല്ലെന്ന് സി-ഡിറ്റിന് ബോദ്ധ്യപ്പെട്ടാൽ, ക്യാന്റീൻ പ്രവർത്തനം ഉടനടി അവസാനിപ്പിക്കുവാൻ സി-ഡിറ്റിന് ആവശ്യപ്പെടാവുന്നതും, അതനുസരിക്കാൻ കരാറുകാർ ബാദ്ധ്യസ്ഥരുമാണ്.

14. മാലിന്യങ്ങൾ / വേസ്റ്റുകൾ, ശാസ്ത്രീയമായി സംസ്കരിക്കപ്പെടേണ്ടതാണ്. മാലിന്യ സംസ്കരണത്തിന് ടെണ്ടറർ ഏർപ്പെടുത്തുന്ന സംവിധാനം എന്താണെന്നുള്ളത് വിശദമായി ടെണ്ടറിൽ പറയേണ്ടതും അതില്ലാത്ത ടെണ്ടറുകൾ നിരസിക്കുന്നതുമായിരിക്കും.

15. വില്പന നടത്തുന്ന ഭക്ഷണ പാനീയങ്ങളുടെ വിലവിവരപ്പട്ടിക നിർബന്ധമായും ക്യാന്റീനിൽ പ്രദർശിപ്പിക്കേണ്ടതാണ്.

16. നിരതദ്രവ്യം (ഇ.എം.ഡി.) ആയി 2,000/- രൂപയുടെ ഡി.ഡി.യോ, ക്യാഷ് റസീപ്റ്റോ ടെണ്ടറിനോടൊപ്പം നൽകാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.

17. ക്യാന്റീൻ നടത്തിപ്പിന് ഇപ്പോൾ നൽകിയിട്ടുള്ള സൗകര്യങ്ങൾക്ക് ഉപരിയായി ഫർണിച്ചറുകളോ, പാത്രങ്ങളോ, മറ്റ് ഉപകരണങ്ങളോ ആവശ്യമാണെന്ന് കാണുന്നപക്ഷം അവ സ്വന്തം നിലയ്ക്ക് കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്. അപ്രകാരം പുതുതായി വാങ്ങുന്ന വസ്തുക്കളുടെ പേരുവിവരം കൃത്യമായും സി-ഡിറ്റ് ഓഫീസിൽ ടെണ്ടറർ നൽകേണ്ടതാണ്.

18. ടെണ്ടർ പിടിക്കുന്ന വ്യക്തി 200/- രൂപ പത്രത്തിൽ ക്യാന്റീൻ നടത്തിപ്പ് സംബന്ധിച്ച് സി-ഡിറ്റ് രജിസ്ട്രാറുമായി ഒരു കരാറിൽ ഒപ്പിടേണ്ടതും 20,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതുമാണ്.

19. കരാർ ലഭിക്കുന്ന കോൺട്രാക്ടർ കരാർ ലഭിച്ച് 15 ദിവസത്തിനകം ക്യാന്റീൻ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

20. താഴെപ്പറയുന്ന ഐറ്റങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള അളവിൽ കുറയ്ക്കാൻ പാടില്ലാത്തതാണ്.

| | | | |
|---|---|---|---|
| എ) | എണ്ണപ്പലഹാരങ്ങൾ (വട, വാഴയ്ക്കഅപ്പം മോദകം, ബോണ്ട, ബജി) | : | 30 ഗ്രാം |
| ബി) | ഇഡ്ഡലി, ദോശ, അപ്പം | : | 40 ഗ്രാം |
| സി) | പൂരി (3 എണ്ണം കറിയുൾപ്പെടെ) | : | 50 ഗ്രാം |
| ഡി) | ചപ്പാത്തി (2 എണ്ണം കറിയുൾപ്പെടെ) | : | 50 ഗ്രാം |
| ഇ) | ഉപ്പുമാവ് | : | 80 ഗ്രാം |
| എഫ്) | ചായ, കോഫി, (നല്ല ഇനം തേയില, ശുദ്ധമായ പാൽ, പഞ്ചസാര മുതലായവ അനുയോജ്യമായ വിധത്തിൽ ചേർത്തത്) | : | 6 ഔൺസ് |
| ജി) | ഊണ് (മുന്തിയ ഇനം വെള്ള അരിയോ, പുഴുക്കൽ അരിയോ) | : | ആവശ്യാനുസരണം |
| എച്ച്) | ഒഴിച്ചുകറികൾ (പരിപ്പ്, സാമ്പാർ, പുളിശ്ശേരി, മോര്, രസം) | : | 5 ഇനം |
| ഐ) | മററു കറികൾ (അവിയൽ, തോരൻ, പച്ചടി, അച്ചാർ) | : | 4 ഇനം |
| ജെ) | പപ്പടം | : | 1 എണ്ണം |

(മറ്റ് സ്പെഷ്യൽ ഐറ്റംസ്, തൈര്, മീൻകറി, മീൻ വറുത്തത്, ചിക്കൻകറി, ചിക്കൻ റോസ്റ്റ്, മട്ടൺ കറി, മട്ടൺ റോസ്റ്റ്, ബീഫ് കറി, ബീഫ് റോസ്റ്റ് മുതലായവ ആവശ്യാനുസരണം ന്യായവിലയ്ക്ക് നൽകേണ്ടതാണ്.)

20. ടെണ്ടറുകൾ, കാരണം കൂടാതെ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം സി-ഡിറ്റിൽ നിക്ഷിപ്തമായിരിക്കും.

## ചോദ്യാവലി

| ക്രമ നം. | ചോദ്യം | ഉണ്ട് /ഇല്ല |
|---|---|---|
| 1. | ക്യാന്റീനിൽ വിതരണം ചെയ്യുന്നതിന് ടെണ്ടർ ഫോമിലെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഏതുതരം ഭക്ഷണങ്ങളും, പാനീയങ്ങളും ഓർഡർ നൽകുന്ന മുറയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കുമോ? | |
| 2. | ക്യാന്റീൻ സർവ്വീസിന് കേറ്ററിംഗ് യോഗ്യത നേടിയ എത്രയെങ്കിലും ജീവനക്കാർ ഉണ്ടോ? | |
| 3. | കോണ്ടിനന്റൽ, ചൈനീസ് ഉൾപ്പെടെയുള്ള വിഭവങ്ങൾ നല്ല നിലവാരത്തിൽ തയ്യാർ ചെയ്ത് വിളമ്പുന്നതിന്, കേറ്ററിംഗിൽ വിദഗ്ധ പരിശീലനം നേടിയിട്ടുള്ളവരുടെ സേവനം ലഭ്യമാക്കാമോ? | |
| 4. | ഇപ്പോൾ തന്നെ അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് അത് സംബന്ധിച്ചുള്ള യോഗ്യതാ പത്രവും മററും ടെണ്ടറോടൊപ്പം ഹാജരാക്കാമോ? | |

# ഷെഡ്യൂൾ

ഇതിൽ കരാറുകാരൻ തയ്യാറാക്കി വിളമ്പേണ്ടതും, കരുതേണ്ടതുമായ ഭക്ഷണ പാനീയങ്ങളുടെ റേറ്റുകളാണ് ക്വാട്ട് ചെയ്യേണ്ടത്. സി-ഡിറ്റ് ജീവനക്കാർക്ക് കരാറുകാരൻ സബ്സിഡൈസ്ഡ് നിരക്കിൽ ഭക്ഷണ പാനീയങ്ങൾ നൽകേണ്ടതാണ്. ക്യാന്റീൻ നടത്തിപ്പിന് ആവശ്യമായ സൗകര്യങ്ങൾ സി-ഡിറ്റ് അന്യത്ര നൽകിയിട്ടുണ്ട്. സ്റ്റാഫ് അംഗങ്ങൾക്കും പുറത്തുള്ളവർക്കും ഭക്ഷണ സാധനങ്ങൾ നൽകേണ്ട റേറ്റുകൾ താഴെ നൽകിയിട്ടുള്ള ഫോർമാറ്റിൽ പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.

| ക്രമ. നം | ഭക്ഷണ വസ്തുവിന്റെ പേര് | സ്റ്റാഫിന് നൽകേണ്ട സബ്സിഡൈസ്ഡ് റേററ് | സ്റ്റാഫ് അല്ലാത്തവരിൽ നിന്നും ഈടാക്കേണ്ട റേററ് |
|---|---|---|---|
| 1. | ചായ | | |
| 2. | കോഫി | | |
| 3. | എണ്ണപലഹാരങ്ങൾ (വട, വാഴയ്ക്കപ്പം, മോദകം, തുടങ്ങിയവ) | | |
| 4. | സാദാ ദോശ | | |
| 5. | ഇഡ്ഡലി | | |
| 6. | പുട്ട് | | |
| 7. | അപ്പം | | |
| 8. | ഇടിയപ്പം | | |
| 9. | മസാലദോശ | | |
| 10. | നെയ്യ് റോസ്റ്റ് | | |
| 11. | പത്തിരി | | |
| 12. | പൊറോട്ട | | |
| 13. | പൂരി | | |
| 14. | നൂഡിൽസ് | | |
| 15. | ചപ്പാത്തി | | |
| 16. | ഊത്തപ്പം (ഒണിയൻ, റ്റൊമാറ്റോ) | | |
| 17. | ഊണ് | | |
| 18. | കപ്പ | | |
| 19. | ഫ്രൈഡ് റൈസ് | | |

| | | | |
|---|---|---|---|
| 20. | നെയ്ചോറ് | | |
| 21. | <u>ബിരിയാണി</u><br>ചിക്കൻ ബിരിയാണി<br>മട്ടൺ ബിരിയാണി<br>ബീഫ് ബിരിയാണി<br>വെജിറ്റബിൾ ബിരിയാണി | | |
| 22. | മീൻകറി<br>മീൻ ഫ്രൈ | | |
| 23. | ചിക്കൻ കറി<br>ചിക്കൻ ഫ്രൈ | | |
| 24. | മട്ടൻ കറി<br>മട്ടൻ ഫ്രൈ | | |
| 25. | ബീഫ് കറി<br>ബീഫ് ഫ്രൈ | | |

ഒപ്പ് :

പേര് :

മേൽവിലാസം :

തീയതി :